**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4339 27.06.2013- ൽ മറുപടിക്ക്**

**കടൽക്ഷോഭം മൂലമുണ്ടായ കെടുതികൾ നേരിടുന്നതിന് നടപടികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ.വി അബ്ദുൾ ഖാദർ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് കടൽക്ഷോഭംമൂലമുണ്ടായ കെടുതികൾ നേരിടുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കടൽക്ഷോഭസാധ്യതയുള്ള പ്രദേശങ്ങളിൽ കെടുതികൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിരുന്നത്; | (ബി) | കടൽക്ഷോഭ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി മുൻകരുതലുകൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് വിവരങ്ങൾ നൽകുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കാലവർഷക്കെടുതികളിൽപ്പെട്ട് സംസ്ഥാനത്ത് എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട്; മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായം നൽകിയിട്ടുണ്ടോ; | (സി) & (ഡി) | കാലവർഷക്കെടുതികളിൽപ്പെട്ട് സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളുടെയും മരണങ്ങളുടെയും കണക്ക് തിട്ടപ്പെടുത്തി വരുന്നു. കൂടാതെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികളും നടന്നു വരുന്നുണ്ട്. |
| (ഡി) | നാശനഷ്ടങ്ങൾ എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (ഇ) | കടൽക്ഷോഭക്കെടുതികൾ നേരിടുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | കടൽക്ഷോഭക്കെടുതികൾ നേരിടുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള ഗവേഷണ വിഭാഗമായ ദുരന്ത സാധ്യതാ അപഗ്രഥന സെല്ലിന്റെ നേതൃത്വത്തിൽ മുന്നൊരുക്കങ്ങൾ നടത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | കടൽക്ഷോഭംമൂലം കിടപ്പാടവും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് പ്രകൃതി ദുരന്തത്തിനിരയായവർ എന്ന നിലയിൽ പുനരധിവാസവും നഷ്ടപരിഹാരവും നൽകാൻ സത്വരനടപടി സ്വീകരിക്കുമോ? | (എഫ്) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം കടൽക്ഷോഭം മൂലം കിടപ്പാടവും ജീവനോപാധികളും നഷ്ടപ്പെടുന്നവർക്ക് ധനസഹായം അനുവദിക്കുവാൻ വ്യവസ്ഥയില്ല. എന്നാൽ കടൽക്ഷോഭത്തെക്കൂടി പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽപ്പെടുത്തുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ